**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3634** **05-08-2021 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ഫോർമർ കപ്പാസിറ്റി ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ ടൗണിലെ ഊർജ്ജ ഉപഭോഗത്തിന് പയ്യന്നൂർ 33 KV സബ്സ്റേഷനിൽ നിലവിലുള്ള രണ്ട് 5KVA ട്രാൻസ്ഫോർമറുകൾ പര്യാപ്തമല്ലാത്തതിനാൽ ഇതിന്റെ കപ്പാസിറ്റി ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ; | (എ) | 33 കെ.വി പയ്യന്നൂർ സബ്സ്റ്റേഷനിലെ രണ്ട് 5 എം.വി.എ ട്രാൻസ്ഫോർമറുകൾ മാറ്റി 8 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി ഉയർത്തുന്ന പദ്ധതിക്ക് ഭരണാനുമതി ആയിട്ടുണ്ട്. ടി ജോലി പുരോഗമിക്കുകയാണ്. |
| (ബി) | പയ്യന്നൂർ കവ്വായി ഭാഗത്തേക്ക് തടസ്സരഹിതമായി വൈദ്യുതി എത്തിക്കുന്നതിന് 2012 ൽ സ്ഥാപിച്ച ഭൂഗർഭ കേബിൾ ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ലാത്തതിനാൽ 33 KV തൃക്കരിപ്പൂർ സബ്സ്റ്റേഷനിൽ ഇതിനാവശ്യമായ സൗകര്യം ഒരുക്കാമോ? | (ബി) | തൃക്കരിപ്പൂർ 33 കെ.വി സബ്സ്റ്റേഷനിൽ 11 കെ.വി ഔട്ട് ഡോർ ക്യൂബിക്കിൾ ഇൻഡോർ ആക്കുന്ന ജോലി പുരോഗമിക്കുകയാണ്. ടി ജോലി പൂർത്തിയായി വരുന്ന മുറയ്ക്ക് പയ്യന്നൂർ കവ്വായി ഭാഗത്തേയ്ക്ക് തടസ്സരഹിതമായി വൈദ്യുതി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ